തെന്മല മാച്ച് ഫാക്ടറി.

*750. [41] ശ്രീ. പി ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മലയിൽ നടത്തുന്ന മാച്ച് ഫാക്ടറി ആരുടെ ഉടമസ്ഥതയിലാണ്;

(ബി) ഫാക്ടറി നിൽക്കുന്ന സ്ഥലവും മറ്റ കെട്ടിടങ്ങളും കമ്പനിക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(സി) വളരെ ആദായകരമായ ഇതിന്റെ പ്രവർത്തനം ഏറ്റെടുത്തുനടത്തുകയോ നടത്തിക്കുകയോ ചെയ്യുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മെസ്സേഴ്സ് പി. പ്രകാശ് റാവു ആൻഡ് സൺസ് മാനേജിംഗ് ഏജൻസ്, മദ്രാസ് മാച്ച്വർക്സ്, 65, സിഡൻഹാം റോഡ് മദ്രാസ് 3.

(ബി) ഫാക്ടറിസ്ഥലം 15 വർഷത്തേക്കു ഗവണ്മെന്റ് കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ളതാണ്.

(സി) ഈ ഫാക്ടറി ആദായകരമായി നടത്തുവാൻ പ്രയാസമാണെന്നാണ് അറിവ്.

പുനലൂർ പേപ്പർമിൽസ്.

*751. [42] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽസ് മാനേജ്മെന്റിൽ നിന്നും അടച്ചിടുവാൻ കാരണമെന്ത്;

(ബി) തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തായിരുന്നു;

(സി) പേപ്പർമിൽസ് തൊഴിലാളിയൂണിയനിൽനിന്നും ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ ലേബർ ഡിപ്പാർട്ട്മെന്റും ഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്മേൽ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുനലൂർ പേപ്പർമില്ലിൽ പുതുതായി ഒരു സോഡാ റെക്കവറിപ്ലാന്റ് സ്ഥാപിക്കുവാൻ മാനേജ്മെന്റ് തീർച്ചപ്പെടുത്തുകയും സാങ്കേതികപരിജ്ഞാനം ഇല്ല എന്നുള്ള കാരണത്താൽ കമ്പനി ആ ജോലി കൊല്ലത്തുള്ള H & C. കമ്പനിക്ക് കാൺട്രാക്ട് കൊടുക്കുകയും ചെയ്തു. കമ്പനിയുടെ ഈ നടപടിയിൽ യൂണിയൻ പ്രതിഷേധിക്കുകയും കൺട്രാക്ട്ജോലി വിഘാതപ്പെടുത്തുകയുമുണ്ടായി. ഇതിനെ തുടർന്നു തൊഴിലാളികൾ ഒരു സൂചനാപണിമുടക്ക് നടത്തുകയും അതിനെ തുടർന്നു കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി മാനേജ്മെന്റ് കമ്പനി അടച്ചുപൂട്ടുകയും ചെയ്തു.

(ബി) മേൽപ്പറഞ്ഞ ജോലി കമ്പനി നേരിട്ടുനടത്തണമെന്നാണ് യൂണിയൻ ഉന്നയിച്ച വാദം.

LIBRARY ARCHIVES Kerala Legislative Assembly